(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു തീരുമാനമാണ് ഗവണ്മെണ്ടു ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നതു";

(സി) ഐക്യസംസ്ഥാനത്തിലെ ഇന്നത്തെ പരിതഃസ്ഥിതികളെ പരിഗണിച്ചാൽ നിലവിലുള്ളമാതിരി കാളേജുകളേക്കാൾ കൂടുതൽ ആവശ്യവും, പ്രയോജനവും, കാഷ്ഠികവും, വ്യാവസായികവുമായ വിഷയങ്ങളിൽ പ്രായോഗികപരിശീലനം കൊടുക്കുന്ന കോളേജുകളാണെന്ന ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കോളേജുകൾ തുറക്കുന്നതിനു് അപേക്ഷകൾക്കു വേണ്ട നിർദ്ദേശം കൊടുക്കുമോ?

ബഹു. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:

(എ) പന്തളത്തു് ഒരു കോളേജു സ്ഥാപിക്കുന്നതിനു മാത്രം അപേക്ഷ ലഭിക്കുകയുണ്ടായി.

(ബി) അപേക്ഷ താൽക്കാലികമായി അനുവദിച്ചു.

(സി) & (ഡി) ഗവണ്മെണ്ടു് അതേപ്പറ്റി ആലോചിക്കുന്നതാണു്.

ഈഴത്തൻകാട്ടു് ഹരിജൻ സെൻറർ

*൨൪൩൮. (൨൩൬൭) ശ്രീ. ടി. കൊച്ചുകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കടിയപട്ടണം പകുതിയിൽ ഈഴത്തൻകാട്ടു് എന്ന സ്ഥലത്തു് ഹരിജൻ സെൻറർ ഉണ്ടോ;

(ബി) അവിടെയുള്ള കെട്ടിടം ഹരിജനങ്ങൾക്കായി പണിതിട്ടുള്ളതാണോ;

(സി) കെട്ടിടത്തിൻെറ താക്കോൽ ഏല്പിച്ചിട്ടുള്ളതു് ആരു്, ആരുടെ പക്കൽ;

(ഡി) ആ കെട്ടിടം ജനമഠമാണോ, സ്കൂളാണോ, വായനശാലയാണോ;

(ഇ) അവിടെയുള്ള കിണറിൽനിന്നും ഹരിജനങ്ങൾക്കു വെള്ളം കോരിക്കൊടുക്കുവാൻ ആളിനെ നിയമിച്ചിട്ടുണ്ടെങ്കിൽ അയാളുടെ ശമ്പളമെന്തു";

(എഫ്) സ്കൂളാണെങ്കിൽ ഹരിജൻ വിദ്യാർത്ഥികൾ എത്ര;

(ജി) വായനശാലയാണെങ്കിൽ, വരുന്ന പത്രങ്ങൾ അഞ്ചൽശിപായി കൊടുക്കുന്നതാക്കാണു്;

(എച്ചു്) ആ കെട്ടിടത്തിനു സ്ഥലം സംഭാവനചെയ്തതു് ആരാണു്; അദ്ദേഹവും ഫീൽഡാഫീസറും ബന്ധുക്കളാണോ;

(ഐ) ഈ വൃശ്ചികമാസത്തിൽ ഭജനം നടന്നുവരുന്നുണ്ടോ?

ബഹു. ശ്രീ. കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) അതെ.

(സി) ഫീൽഡാഫീസർ ശ്രീ. പി. കുമാരപിള്ള അവിടത്തെ നൈറ്റസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജി. ശിവരാമകൃഷ്ണനെ ഏല്പിച്ചിട്ടുണ്ടു്.

(ഡി) പൊതുമന്ദിരമാണു്. സ്കൂളായിട്ടും, വായനശാലയായിട്ടും ഉപയോഗിക്കുന്നു.

(ഇ) ആളിനെ നിയമിച്ചിട്ടില്ല.

(എഫ്) പതിനെട്ടു് (൧൮).

(ജി) ലൈബ്രേറിയനു്.

(എച്ചു്) ശ്രീ. എ. ഈശ്വരപിള്ള, എം. എൽ. എ. ബന്ധുക്കളാണു

(ഐ) ഹരിജനങ്ങളുടെ ഇടയിൽ ഭജന നടക്കുന്നുണ്ടു്.

പരവൂർ പൊഴിയിൽ ഒരു ചീപ്പു്

*൨൪൩൯. (൨൪൫) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊല്ലം താലൂക്കിൽ പരവൂർ പൊഴിയിൽ ഒരു ചീപ്പുകെട്ടി കൃഷിയെ രക്ഷിക്കുന്നതിലേക്കായി ഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും പദ്ധതി തയാറാക്കീട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പറ്റിയുള്ള നടപടികൾ ഇപ്പോൾ ഏതുനിലയിൽ ഇരിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly